പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5042

28.10.2016 ലെ മറുപടിയ്ക്ക്

## വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) നിലവിലുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ? | (എ)<br>&<br>(ബി) | സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനായി സ്കൂൾ പച്ചക്കറിത്തോട്ടം പദ്ധതി നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി 10 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ ഈ വർഷം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആവശ്യമായ സാങ്കേതിക ഉപദേശവും പരിശീലനവും കൃഷി ഭവൻ മുഖേന നൽകി വരുന്നു. കൃഷി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന വിദ്യാലയം, വിദ്യാർത്ഥി, അദ്ധ്യാപകൻ, പ്രധാന അദ്ധ്യാപകൻ എന്നിവർക്ക് അവാർഡ് നൽകി വരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് 'പച്ചക്കറികൃഷി വികസന പദ്ധതി' താഴെപറയുന്ന പ്രകാരം നടപ്പിലാക്കി വരുന്നു.

1. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി സംസ്ഥാനത്തെ 10 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്ക് 25 രൂപ വില വരുന്ന പച്ചക്കറി വിത്തടങ്ങുന്ന കിറ്റ് അതാത് പ്രദേശത്തെ കൃഷിഭവൻ മുഖേന സൗജന്യമായി നൽകി വരുന്നു.
2. വിദ്യാലയങ്ങളിൽ കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് ഓരോ വിദ്യാലയത്തിനും 4000/- രൂപയുടെ ധനസഹായം നൽകി വരുന്നു. ആവശ്യമായ വിത്തും സാങ്കേതിക പരിശീലനവും അതാത് പ്രദേശത്തെ കൃഷിഭവൻ മുഖേന ലഭ്യമാക്കുന്നു. 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ, ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക യുടെ മേൽനോട്ടത്തിൽ 20-25 വിദ്യാർത്ഥികളുടെ സംഘമാണ് പച്ചക്കറി കൃഷിത്തോട്ടം നടപ്പാക്കുന്നത്. കൃത്യമായ ലേ-ഔട്ട്, പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, കൃഷി ഉദ്യോഗസ്ഥരുടെ തുടർച്ചയായുള്ള സന്ദർശനവും സാങ്കേതിക ഉപദേശവും എന്നിവയോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പരിശീലനം, ഡോക്യുമെന്റേഷൻ മുതലായ ചെലവുകൾക്കായി ഓരോ വിദ്യാലയത്തിനും 1000/- രൂപ പ്രത്യേകം നൽകി വരുന്നു. ഇതോടൊപ്പം ഇവയിലെ 500 വിദ്യാലയങ്ങളിൽ, ജലത്തിന്റെ ദൗർലഭ്യം കണക്കിലെടുത്ത് കിണർ കുഴിക്കുന്നതിനോ ജലസ്രോതസ്സ് ഉള്ളിടത്ത് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനോ രണ്ടിനും കൂടി ചേർന്നോ പരമാവധി 10,000/- രൂപ വരെ ധനസഹായം നൽകി വരുന്നു.

3. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പച്ചക്കറി കൃഷിയിൽ മികവ് പുലർത്തുന്ന 3 വിദ്യാർത്ഥികൾക്ക് വീതം താഴെപ്പറയുന്ന രീതിയിൽ ക്യാഷ് അവാർഡ് നൽകുന്നു.

| തലം | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം | ആകെ പദ്ധതി വിഹിതം |
|---|---|---|---|---|
| ജില്ല | 10,000/- | 5000/- | 3000/- | 2.72 ലക്ഷം രൂപ |
| സംസ്ഥാനം | 25,000/- | 15,000/- | 10,000/- | |

4. മാതൃഭൂമി ദിനപത്രം വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്ന SEED (Students Empowerment for Environmental Development) പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്നതിനായി 1.8 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന 2016-17 സാമ്പത്തിക വർഷം നൽകുന്നുണ്ട്.

5. വിദ്യാർത്ഥികളിൽ നെൽകൃഷിയെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും അവർക്ക് ഇതിൽ താത്പര്യം ജനിപ്പിക്കുന്നതിനും കൃഷി വകുപ്പ്, കൃഷിഭവനുകൾ മുഖാന്തിരം താത്പര്യമുള്ള സ്കൂളുകൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും നൽകി വരുന്നു. 2016 ചിങ്ങം ഒന്നു മുതൽ 2017 ചിങ്ങം ഒന്നു വരെ നെൽവർഷമായി പ്രഖ്യാപിക്കുകയും ഇതിനായി ആവിഷ്കരിച്ച 100 ഇന പ്രവർത്തനങ്ങൾ ഉൾപ്പെട്ട കർമ്മപദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു.

1) കൃഷിയിടങ്ങളിൽ താമസിപ്പിച്ച് വിദ്യാർത്ഥികൾക്ക് കാർഷികാനുഭവങ്ങൾ നൽകുക.
2) സ്കൂൾതല നെൽകൃഷി പ്രോത്സാഹിപ്പിക്കുക.
3) വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുക.
4) സ്കൂളുകൾ തമ്മിലുള്ള നെൽകൃഷി മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക.
5) നെൽകൃഷിയുമായി ബന്ധപ്പെട്ട പഠനയാത്രകൾ സംഘടിപ്പിക്കുക.
6) ഭക്ഷ്യവിളകൾ പരിപോഷിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹരിതക്ലബ്ബുകൾ ആരംഭിക്കുക.
7) കൈയെഴുത്ത് പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതിന് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.

സെക്ഷൻ ഓഫീസർ